**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാ പഞ്ചായത്ത്- കൃഷി ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ടുകൾ-വീഡ് കട്ടർ വാങ്ങിയതിന് ചെലവഴിച്ച തുക -സംസ്ഥാന ഓഡിറ്റ് വകുപ്പ് -ഓഡിറ്റ് തടസ്സം- 872024/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം. 1646 / 2019/ തസ്വഭവ. തിരുവനന്തപുരം, തീയതി: 01/ 08/ 2019

---

പരാമർശം: 1. സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.9(1)

2. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 09/10/2018 ലെ 1 (3) നമ്പർ തീരുമാനം

3. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23/ 11/ 2018 ലെ- എ 2/ 1830/ 17 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി 2010-11 വർഷത്തിൽ നടപ്പിലാക്കിയ നെൽ കൃഷി വികസനം,കാർഷിക യന്ത്രവൽക്കരണം,വാഴകൃഷി വികസനം എന്നീ പ്രോജക്ടുകളിൽ (532/ 11, 533/ 11, 242/ 11 , 702/ 11) സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനമായ വീഡ് കട്ടർ വാങ്ങി നൽകിയതിന് ചെലവഴിച്ച ₹872024/-(എട്ടുലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഇരുപത്തിനാല് രൂപ മാത്രം) ഓഡിറ്റ് നിരാകരിക്കുകയുണ്ടായി. ഈ പരാമർശത്തിന് സാധൂകരണം ലഭ്യമാക്കണമെന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം(3) പ്രകാരം അപേക്ഷിച്ചിരുന്നു.

2) 2010-11 സാമ്പത്തിക വർഷത്തിൽ ബാധകമായിരുന്ന പദ്ധതി മാർഗ്ഗരേഖയിൽ വീഡ് കട്ടറുകൾക്ക് സബ്സിഡി അനുവദനീയമായിരുന്നില്ല എന്ന കാരണത്താലാണ് ഈ ഇനത്തിൽ ചെലവഴിച്ച ₹872024/-(എട്ടുലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഇരുപത്തിനാല് രൂപ മാത്രം) ഓഡിറ്റ് നിരാകരിച്ചത് .

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കിയ 2010-11 സാമ്പത്തിക വർഷത്തിൽ വീഡ് കട്ടറുകൾ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും 12ാം പദ്ധതി മാർഗ്ഗരേഖയിൽ (2012-13 മുതൽ ) ഇത് അനുവദനീയമാണ്. മാത്രമല്ല വീഡ് കട്ടറുകൾ വിതരണം ചെയ്ത കൃഷി ഓഫീസുകളിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ അവ വിതരണം നടത്തിയതായി ബോധ്യപ്പെട്ടിട്ടുള്ളതായി സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

4)വീഡ് കട്ടറുകൾ വിതരണം ചെയ്ത കൃഷി ഓഫീസുകളിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ അവ വിതരണം നടത്തിയതായി ബോധ്യപ്പെട്ടിട്ടുള്ളതിനാലും, 12ാം പദ്ധതി മാർഗ്ഗരേഖയിൽ (2012-13 മുതൽ )ഇത് അനുവദനീയമാണ് എന്നതിനാലും വീഡ് കട്ടർ വാങ്ങി നൽകിയതിന് ₹872024/-(എട്ടുലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഇരുപത്തിനാല് രൂപ മാത്രം)ചെലവഴിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് മാത്രം സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയ്സി പോൾ
ഗവൺമെന്റ് അണ്ടർ സെക്രട്ടറി

സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.